പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3939 — 31.1.2014-ൽ മറുപടിക്ക്

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് പൊതു മേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; | (എ) വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല. |
| (ബി) മുൻ സർക്കാർ പൊതുമേഖലയിൽ പുതുതായി സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നു; അവയുടെ പ്രവർത്തനം മുന്നോട്ട് പോകുന്നുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവയുടെ പേര് വിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.<br>പുതിയതായി തുടങ്ങിയ യൂണിറ്റുകളിൽ 6 സ്ഥാപനങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചു. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br>മറ്റുസ്ഥാപനങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതാണ് ഈ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിക്കാൻ വൈകുന്നതിന് പ്രധാന കാരണം. |
| (സി) ഈ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും തുടർ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ട സഹായങ്ങൾ എന്തൊക്കെയാണ്; സർക്കാർ നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്? | (സി) സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കായി കമ്പനികളുടെ ആവശ്യമനുസരിച്ച് ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ നിയമനങ്ങൾ നടന്നിട്ടില്ലാത്ത യൂണിറ്റുകളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള അനുമതി സർക്കാർ നൽകുകയും അതനുസരിച്ചുള്ള |

നിയമന പ്രക്രിയകൾ സ്ഥാപനങ്ങളിൽ നടന്നുവരുകയും ചെയ്യുന്നു. സർക്കാർ സ്വീകരിച്ച നടപടികളുടെയും, ഇനിയും വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാനുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെയും, ഉൽപ്പാദനം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണവും അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

| *I. Green Field Projects* | | |
|---|---|---|
| **Sl. No.** | **Company** | **Projects** |
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, **Alappuzha** – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Factory, **Kannur** –KSTC |
| 3 | Kerala State Textile Corporation Ltd | Uduma Textile Mill, **Kasargode** – KSTC |
| 4 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 5 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 6 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 7 | Steel and Industrial Forgings ltd | Machining Unit, **Shornur** – SIFL |
| 8 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |
| 9 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |

സെക്ഷന്‍ ഓഫീസര്‍

അനുബന്ധം-2

| Sl. No. | Company | Projects |
|---|---|---|
| 1 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 2 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 3 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 4 | Steel and Industrial Forgings Ltd | Machining Unit, **Shornur** – SIFL |
| 5 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |
| 6 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |

സെക്ഷൻ ഓഫീസർ

2011-12, 2012-13 എന്നീ വർഷങ്ങളിൽ കോമളപുരം സ്പിന്നിംഗ് മില്ലിന് യഥാക്രമം 45.34 ലക്ഷം രൂപ ഇലക്ട്രിസിറ്റി കുടിശ്ശിക തീർപ്പാക്കുന്നതിനും, 153.50 ലക്ഷം രൂപ [പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി] ധനസഹായം നൽകിയിട്ടുണ്ട്. പിണറായിയിലുള്ള ഹൈടെക് വീവിംഗ് മില്ലിനും ഉദുമ ടെക്സ്റ്റൈൽ മില്ലിനും കൂടി 2012-13 ൽ 144 ലക്ഷം രൂപയുടെ ധനസഹായം [പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി] നൽകിയിട്ടുണ്ട്. ഇതുകൂടാതെ 2013-14 ൽ കോമളപുരം, പിണറായി, ഉദുമ എന്നീ യൂണിറ്റുകൾക്ക് 180.50 ലക്ഷം രൂപയുടെ ധനസഹായം [പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി] ജനുവരി 2014 ലെ സപ്ലിമെൻററി ഡിമാൻറ് ഫോർ ഗ്രാൻറായി അനുവദിച്ചിട്ടുണ്ട്. ട്രാകോ കേബിൾ കമ്പനിയുടെ കണ്ണൂരുള്ള യൂണിറ്റിന് 2012-13 ൽ 200 ലക്ഷം രൂപയും, 2013-14 ൽ 315 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻെറ നല്ലളത്തുള്ള ടൈൽ ഫാക്ടറിയ്ക്കുൾപ്പെടെയുള്ള ധനസഹായമായി 2012-13 ൽ 292.40 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**Komalapuram Spinning and Weaving Mills, Alappuzha** - വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുന്നതിനായി KSEB-യ്ക്ക് നൽകുവാനുള്ള കുടിശ്ശികകൾ അടച്ച് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി Rs.45.34 ലക്ഷം രൂപ സർക്കാർ നൽകുകയും, 400 KW വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനിയിൽ ഇനിയും ആവശ്യം വേണ്ടിവരുന്ന ചില യന്ത്ര സാമഗ്രികൾ കൂടി സ്ഥാപിച്ചാൽ മാത്രമേ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കഴിയുകയുള്ളൂ. ഇതിന് കൂടുതലായി സാമ്പത്തിക സഹായം സർക്കാർ നൽകേണ്ടതുണ്ട്. കേരള സ്പിന്നേഴ്സിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ പുനർനിയമനം സംബന്ധിച്ച കേസ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ നിയമനനടപടികൾ നിർത്തി വച്ചിരിക്കുകയാണ്. നിയമനനടപടികൾ പൂർത്തികരിക്കുവാൻ സാധിക്കാത്തതാണ് ഉൽപാദനം ആരംഭിക്കാത്തതിനുള്ള പ്രധാന കാലതാമസം. KSTCൽ നിന്ന് delink ചെയ്ത് subsidiary ആക്കാനുള്ള നടപടികൾ G.O.(Rt) No.556/13/ID dt 18-04-2013 ൻെറ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു.

**Hi Tech Weaving Factory, Kannur** - ഉൽപ്പാദനം വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി സജ്ജമായിട്ടുണ്ട്. കെട്ടിടനിർമ്മാണ നിയമം നിഷ്ക്കർഷിക്കുന്ന ലാൻറ്-ബിൽഡിങ്ങ് ആനുപാതത്തിലെ വ്യതിയാനം മൂലം പഞ്ചായത്ത് ലൈസൻസ് ലഭിക്കുന്നതിലുള്ള കാലതാമസമാണ് പ്രവർത്തനം തുടങ്ങുവാൻ സാധിക്കാത്തത്. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ബഹു.കോടതിയുടെ നിർദ്ദേശമനുസരിച്ച് നിയമന നടപടികൾ നിർത്തി വച്ചിരിക്കുന്നതും ഉൽപാദനം ആരംഭിക്കുവാൻ

സാധിക്കാത്തതിൻെറ മറ്റൊരു കാരണമാണ്. G.O.(Rt) No.557/13/ID dt 18-04-2013 പ്രകാരം KSTCൽ നിന്ന് delink ചെയ്ത് subsidiary ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Uduma Textile Mill, **Kasargode** - ഈ മില്ലിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുവാൻ തയ്യാറായിക്കഴിഞ്ഞു. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു.ഹൈക്കോടതിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ബഹു.കോടതിയുടെ നിർദ്ദേശമനുസരിച്ച് നിയമന നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഇതു മൂലം ഉൽപാദനം തുടങ്ങുവാൻ സാധിച്ചിട്ടില്ല. കേസുകളിൽ അന്തിമ തീരുമാനമുണ്ടാകുന്നതനുസരിച്ച് ആവശ്യമായ ജീവനാക്കാരെ നിയമിക്കുകയും ഉൽപാദനം ആരംഭിക്കുന്നതുമാണ്.

LCD Meter Unit, Palakkad , United Electrical Industries - ഈ പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ തുടങ്ങുവാൻ സാധിച്ചിരുന്നില്ല.

സെക്ഷൻ ഓഫീസർ